# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **663** — **09.06.2015** ൽ മറുപടിക്ക്

### മൃഗശാലാ സന്ദർശകർക്കുള്ള സൗകര്യങ്ങൾ

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ:

ഉത്തരം

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിലെ സന്ദർശകർക്ക് ആവശ്യമായ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; ഇതു സംബന്ധിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ? | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾ സന്ദർശിക്കുന്നവർക്ക് സന്ദർശനവേളയിൽ ഇരിക്കുന്നതിനായി ഗാർഡൻ ബഞ്ചുകൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിൽ 10 വിശ്രമകേന്ദ്രങ്ങൾ ഒരുക്കിയിട്ടുണ്ട്. സുലഭ് ഇന്റർ നാഷണൽ എന്ന സന്നദ്ധ സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു ടോയ്ലറ്റ് ബ്ലോക്ക്, സ്ത്രീകൾക്കായി 'ഷീ ടോയ്ലററ് എന്നിവ തിരുവനന്തപുരത്തും മൃഗശാലയുടെ തന്നെ മേൽനോട്ടത്തിൽ ഒരു ടോയ്ലറ്റ് ബ്ലോക്ക് തൃശ്ശൂരും പ്രവർത്തിച്ചു വരുന്നു. ഇരു മൃഗശാലകളിലും സന്ദർശകർക്കായി കുടിവെള്ളം സജ്ജീകരിച്ചിട്ടുണ്ട്. സന്ദർശകർക്കായി ഒരു ക്ലോക്ക് റൂം തിരുവനന്തപുരം മൃഗശാലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും വിസ്തീർണ്ണമുള്ള മൃഗശാല എന്ന നിലയിൽ തിരുവനന്തപുരം മൃഗശാലയിൽ ആവശ്യക്കാർക്കായി 4 ബാറ്ററി വാഹനങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ വിഭിന്ന ശേഷിയുള്ളവർക്കായി വീൽ ചെയറുകളും മുലയൂട്ടുന്ന അമ്മമാർക്കായി അതിനുള്ള സൗകര്യവും മൃഗശാലയിൽ ഏർപ്പെടുത്തുന്നതാണ്.<br><br>തിരുവനന്തപുരം മൃഗശാലയിലേക്ക് രണ്ട് ടോയ്ലറ്റ് ബ്ലോക്കുകൾ, 5 വിശ്രമസങ്കേതങ്ങൾ, നാല് ബാറ്ററി വാഹനങ്ങൾ എന്നിവ കൂടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.<br><br>തിരുവനന്തപുരം മൃഗശാലയിലെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. സന്ദർശകർക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടെ മൃഗശാലയുടെ സമ്പൂർണ്ണ വികസനം ഉദ്ദേശിച്ചാണ് പ്രസ്തുത മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. |

Saradadevi

സെക്ഷൻ ഓഫീസർ